# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.932 09-08-2017-ൽ മറുപടിക്ക്

## അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;ആയതിന്റെ കണക്ക് ലഭ്യമാക്കുമോ; | (എ) പഠനം നടത്തിയിട്ടില്ല. |
| (ബി) വസ്ത്ര, സ്വർണ്ണം വ്യാപാര മേഖലയിലെ അസംഘടിതരായ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും എട്ട് മണിക്കൂർ തൊഴിൽ ക്ലിപ്തത ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) വസ്ത്ര-സ്വർണ്ണ വ്യാപാര മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽ നിയമ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഉറപ്പ വരുത്തുന്നതിന് സംസ്ഥാന തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധനകൾ നടത്താറുണ്ട്. മിനിമം വേതനം, ഓവർ-ടൈം വേതനം എന്നിവ നൽകാത്തതായി പരിശോധന-യിൽ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാ-ളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കിയി ട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി |

തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളി-കൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺ-ലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) പ്രസ്തുത മേഖലയിൽ സെയിൽസ്മാൻ/ സെയിൽസ് ഗേൾ ആയി ജോലി നോക്കുന്നവർക്ക് വിശ്രമമില്ലാതെ തുടർച്ചയായി നിന്നു മാത്രം ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജോലിക്കിടയിലെ ഇടവേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.

(ഡി) ഇത്തരം തൊഴിൽ ചൂഷണങ്ങൾ സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

(ഡി) ലേബർ കമ്മീഷണർ ഓഫീസിലും സബ് ഓഫീസുകളിലുമായി 36 പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും നിയമ ലംഘന-ങ്ങൾക്ക് നോട്ടീസ് നൽകി ആയത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി നിയമ ലംഘനങ്ങൾ പരിഹരിച്ച് രേഖകൾ ഹാജരാക്കാത്തതും ക്രോസ് പരിശോധനയിൽ നിയമ ലംഘനങ്ങൾ പരിഹരിച്ചിട്ടില്ലാത്തതുമായ സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ